(എ) സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച ചെലവ് ചുരുക്കൽ പരിപാടിയുടെ പ്രവർത്തന പുരോഗതി വെളിപ്പെടുത്തുമോ;

(ബി) കഴിഞ്ഞ രണ്ട് വർഷത്തെ പ്രവർത്തനത്തിനിടയിൽ ഏതെല്ലാം ഇനങ്ങളിൽ ചെലവ് ചുരുക്കാൻ കഴിഞ്ഞുവെന്ന് കണക്കുകളുടെ അടിസ്ഥാനത്തിൽ വിശദമാക്കുമോ;

(സി) ഏതെല്ലാം ഇനങ്ങളിലെ ചെലവ് വർദ്ധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) സർക്കാരിന്റെ ചെലവ് ചുരുക്കൽ പരിപാടി ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വിലയിരുത്തിവരുന്നു.

(ബി, സി) ചെലവ് ചുരുക്കൽ നടപടികളുടെ ഭാഗമായി സർക്കാർ സർവ്വീസിലെ 3570 തസ്തികകൾ നിർത്തലാക്കുകയും, 2915 തസ്തികകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് പുനർവിന്യസിക്കുകയും, 1663 തസ്തികകളെ പുനർവിന്യസിക്കാനായി മാറ്റി നിർത്തുകയും ചെയ്തിട്ടുണ്ട്. 3510 തസ്തികകൾ നിർത്തലാക്കുകയോ സൂപ്പർ ന്യൂമററിയായി പ്രഖ്യാപിക്കുകയോ ചെയ്യേണ്ടതായിട്ടുണ്ട്. ഇതിനുപുറമേ പുതിയ തസ്തിക സൃഷ്ടിക്കുന്നത് ഏറ്റവും അത്യാവശ്യമുള്ള അവസരത്തിൽ മാത്രമായി നിജപ്പെടുത്തുകയും അത് മന്ത്രിസഭയുടെ അനുമതിയോടെ മാത്രമേ ആകാവൂ എന്ന് നിഷ്കർഷിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) ഉണ്ട്. കൂടുതൽ ഗഡു ഡി. എ.-യും ഡി. ആറും അനുവദിച്ചിട്ടും സർക്കാരിന്റെ ചെലവുകൾ ക്രമാതീതമായി വർദ്ധിക്കാതെ സൂക്ഷിക്കാൻ കഴിഞ്ഞത് ചെലവ് ചുരുക്കൽ പരിപാടി ലക്ഷ്യം കണ്ടതുകൊണ്ടാണ്.

(ഇ) ഉദിക്കുന്നില്ല.

മദ്ധ്യകാല സാമ്പത്തിക പരിഷ്കാരങ്ങൾ

5 [1012] ശ്രീ. പി. ജയരാജൻ:
,, എം. വി. ജയരാജൻ:
,, പിരപ്പൻകോട് മുരളി:
ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ ആവിഷ്കരിച്ച മദ്ധ്യകാല സാമ്പത്തിക പരിഷ്കാരങ്ങൾ സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഏതെല്ലാം മേഖലകളിലാണ് ഈ പരിഷ്കാരങ്ങൾ നടപ്പിലാക്കിയിട്ടുള്ളത് എന്ന് പറയാമോ;

(സി) മദ്ധ്യകാല സാമ്പത്തിക പരിഷ്കരണ നടപടികൾ നടപ്പിലാക്കിയതുകൊണ്ട് സംസ്ഥാനത്തിനുണ്ടായ നേട്ടങ്ങൾ എന്തൊക്കെയാണെന്ന് പറയാമോ;

(ഡി) സംസ്ഥാന സർക്കാർ മദ്ധ്യകാല സാമ്പത്തിക പരിഷ്കാരങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോ;

(ഇ) എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ ഏതെല്ലാം മേഖലകളിൽ എന്തെല്ലാം പരിഷ്കാരങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(എഫ്) മദ്ധ്യകാല സാമ്പത്തിക പരിഷ്കരണ നടപടികൾ കൊണ്ട് ഉദ്ദേശിച്ച ഫലം സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ടോ;

(ജി) റവന്യൂ കമ്മി കുറച്ചുകൊണ്ട് വരുന്നതിന് മദ്ധ്യകാല സാമ്പത്തിക പരിഷ്കരണ നടപടികൾ എത്രത്തോളം വിജയിച്ചിട്ടുണ്ടെന്ന് പറയാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

(സി) ഉദിക്കുന്നില്ല.

(ഡി) 11-ാം ധനകാര്യ കമ്മീഷന്റെ ശുപാർശ പ്രകാരം ഒരു ഇടക്കാല സാമ്പത്തിക പരിഷ്കരണ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നുണ്ട്.

(ഇ) കഴിഞ്ഞ പദ്ധതി കാലങ്ങളിൽ പദ്ധതി നിർവ്വഹണത്തിനായി അനുവദിച്ച തസ്തികകൾ ആവശ്യത്തിന്റെ അടിസ്ഥാനത്തിൽ മാത്രം തുടരുന്നതിനും അല്ലാത്തവ ഉചിത മേഖലകളിലേക്ക് പുനർവിന്യാസം ചെയ്യുകയോ ഒഴിവാക്കുകയോ ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്.

2004-2005-ൽ ഡെബ്റ്റ് സർവ്വീസ് റവന്യൂ വരുമാനത്തിന്റെ 25% ആയി നിജപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

സംസ്ഥാന ബഡ്ജറ്റിൽ നിന്നുള്ള സബ്സിഡികൾ ഓരോ വർഷവും 80 കോടി രൂപ അധികരിക്കാതെ നിജപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉചിതമായ പുനഃഘടനയിലൂടെ സംസ്ഥാന ബഡ്ജറ്റിൽ അധിക ബാദ്ധ്യത വരാതിരിക്കുവാനും അവയിൽ നിന്നും അധിക വരുമാനം ലഭിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ് നഷ്ടം ഒഴിവാക്കി പ്രവർത്തിക്കുന്നതിനും സംസ്ഥാന ബഡ്ജറ്റിന് യാതൊരു അധിക ബാദ്ധ്യതയും ഉണ്ടാകാതിരിക്കുവാനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

Tax GSDP (Gross State Domestic Product)അനുപാതവും Non-tax GSDP അനുപാതവും മെച്ചപ്പെടുത്തുവാൻ നടപടികൾ സ്വീകരിച്ചു വരുന്നു.

(എഫ്) ഇടക്കാല സാമ്പത്തിക പരിഷ്കരണ നടപടികളുടെ ഉദ്ദേശിച്ച ഫലം ലഭിച്ചു വരുന്നു.

(ജി) ഇടക്കാല സാമ്പത്തിക പരിഷ്കരണ പദ്ധതി നടപ്പിലാക്കിയപ്പോൾ 2000-2001, 2001-2002 എന്നീ രണ്ടു വർഷം കൊണ്ട് റവന്യൂ കമ്മി 1999-2000 വർഷത്തെ 45%-ൽ നിന്നും 28% ആയി കുറഞ്ഞിട്ടുണ്ട്. എന്നാൽ 2002-2003-ൽ ഈ തോതിലുള്ള നേട്ടം കൈവരിക്കാൻ സാധിച്ചിട്ടില്ല.

എം. ജി. പി. പദ്ധതി

6 [1013] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം. ജി. പി.-ക്കു വേണ്ടി കഴിഞ്ഞ വർഷം എത്ര തുകയാണ് സർക്കാർ നീക്കി വച്ചത്;

(ബി) എം. ജി. പി. ഇതുവരെ എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയെന്നും, ഓരോ പദ്ധതിക്കും ഇതേവരെ എത്ര തുക ചെലവഴിച്ചെന്നും വ്യക്തമാക്കാമോ;

(സി) എം. ജി. പി. പദ്ധതി സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എന്തെല്ലാം മാറ്റങ്ങൾക്ക് തുടക്കമിടുന്നതിനോ നടപ്പാക്കുന്നതിനോ കഴിഞ്ഞിട്ടുണ്ട് എന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റിൽ ഈ പദ്ധതിക്കായി 492,35,00,000 രൂപയാണ് വക കൊള്ളിച്ചിട്ടുള്ളത്.

(ബി) 26-11-2003-ലെ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 345/03/പൊ. ഭ.വ. പ്രകാരം സർക്കാർ നവീകരണ പരിപാടിക്ക് വേണ്ടിയുള്ള വിശദമായ പ്രവർത്തന പദ്ധതി അംഗീകരിച്ച ശേഷം നിർവ്വഹണം പ്രാരംഭ ഘട്ടത്തിലാണ്. ജനങ്ങളുമായി ആശയവിനിമയം നടത്താൻ തിരുവനന്തപുരം സിറ്റി പോലീസിനുവേണ്ടി ഏർപ്പെടുത്തിയ ജാലിക (website) ആണ് പൂർത്തിയായ ഒരു പദ്ധതി. ഇതിന് 15 ലക്ഷം രൂപ ചെലവായിട്ടുണ്ട്. കൂടാതെ സേവന പ്രദാനം മെച്ചപ്പെടുത്തുന്നതിനായി സെക്രട്ടേറിയറ്റിലെ അടിസ്ഥാന സൗകര്യങ്ങളുടെ വികസനം, ഉദ്യോഗസ്ഥർക്കായി നടത്തിയ പരിശീലനങ്ങൾ, പദ്ധതി രൂപീകരണത്തിനായുള്ള ശില്പശാലകൾ എന്നിവയ്ക്കായി 1,39,42,268 രൂപയും പദ്ധതി നിരീക്ഷിക്കുന്നതിനും

LIBRARY ARCHIVES Kerala Legislative Assembly